പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1746 — 16.3.2015-ൽ മറുപടിക്ക്

സുസ്ഥിര നഗര വികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>„ എം.പി. വിൻസെന്റ്<br>„ വി.റ്റി. ബൽറാം<br>„ ജോസഫ് വാഴയ്ക്കൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | എ.ഡി.ബി സഹായത്തോടെയുള്ള സുസ്ഥിര നഗര വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രസ്തുത പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്നത്; | (ബി) & | കേന്ദ്ര സർക്കാർ മുഖേന എ ഡി ബി നൽകുന്ന വായ്പാ സഹായത്തോടെ സംസ്ഥാനം നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സുസ്ഥിര നഗര വികസന പദ്ധതി. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ; | സി) | കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽ 1422.47 കോടി രൂപ അടങ്കലുള്ള ഒരു സുസ്ഥിര നഗര വികസന പദ്ധതി നടപ്പിലാക്കുന്നതിന് 221.2 മില്യൻ ഡോളർ വായ്പ അനുവദിക്കുന്ന ഒരു കരാറിൽ 8.12.2006 തീയതിയിൽ എ ഡി ബി -യുമായി ഒപ്പുവച്ചിട്ടുണ്ട്. നിശ്ചിത കാലാവധിയായ 30.06.2012 തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ എഡിബി-യുടെ സ്പെഷ്യൽ പ്രോജക്ട് അഡ്മിനിസ്ട്രേഷൻ മിഷന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 30.06.2016 വരെ പ്രോജക്ട് കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. ഭാഗികമായ റദ്ദാക്കലിനെത്തുടർന്ന് നിലവിൽ നിജപ്പെടുത്തിയിട്ടുള്ള വായ്പാ തുക 168.4 മില്യൻ ഡോളറാണ്. |
| (ഡി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ? | ഡി) | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്ര പശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്രവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ, ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ് - സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യ പശ്ചാത്തല വികസന പദ്ധതികൾ, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ